**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2445** **24-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ബസുകൾ വാങ്ങുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി വിനിയോഗിച്ച് ജെം -ൽ സ്കൂൾ ബസുകൾ വാങ്ങുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) | എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി വിനിയോഗിച്ച് ജെം - ൽ സ്കൂൾ ബസുകൾ വാങ്ങുമ്പോൾ നിർവ്വഹണോദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. എത്ര സീറ്റിന്റെ ബസ് ആണ് വേണ്ടതെന്ന ആവശ്യകത സ്കൂളിൽ നിന്ന് ലഭ്യമാക്കിയ ശേഷം അത്രയും സീറ്റുള്ള ജെം പോർട്ടലിൽ ലഭ്യമായ L1 ആയുള്ള സ്കൂൾ ബസ് ഏതെന്നു പരിശോധിച്ച് ബന്ധപ്പെട്ട കമ്പനിയിൽ നിന്നും ജെം പ്രൈസ് ക്വട്ടേഷൻ വാങ്ങി ആയതും സ്കൂളിൽ നിന്നുള്ള അനുബന്ധ രേഖകളും സഹിതം ഭരണാനുമതിക്കായി ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കണം.<br><br>2. ഭരണാനുമതി ലഭ്യമാക്കുന്ന മുറക്ക് ജെം പോർട്ടലിൽ ടി സ്കൂൾ ബസ് ബുക്ക് ചെയ്യണം.<br><br>3. സ്ഥാപനം വാഹനം ലഭ്യമാകുന്ന മുറക്ക് ബില്ലുകളും അനുബന്ധ രേഖകളും അന്തിമ ബിൽ തുക മാറി നല്കുന്നതിലേക്കായി നിലവിലെ നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ച് ആവശ്യമായ രേഖപ്പെടുത്തലുകളും സാക്ഷ്യപത്രങ്ങളും സഹിതം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ഫണ്ട് ലഭ്യമാകുന്ന മുറക്ക് ബസ് സപ്ലൈ ചെയ്ത സ്ഥാപനത്തിന് തുക അനുവദിച്ച് നൽകുകയും ചെയ്യേണ്ടതാണ്. |
| (ബി) | സ്കൂൾ ബസ്സുകളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി അവ സ്കൂളുകൾക്ക് ലഭ്യമാക്കുന്നതിനായി വാഹനം വാങ്ങലും രജിസ്ട്രേഷനും ഒറ്റ നടപടിയായി പൂർത്തീകരിക്കാൻ കഴിയുന്ന നിലയിൽ ക്രമീകരണം വരുത്തുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ബി) | ഏതു കമ്പനിയാണോ വാഹനം ലഭ്യമാക്കുന്നത് ആ കമ്പനിയുടെ തന്നെ ലോക്കൽ ഡീലറായിരിക്കും വാഹനം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച് നൽകുന്നത്. |

സെക്ഷൻ ഓഫീസർ